ക്ഷീരവികസന വകുപ്പിലെ അപ്ഗ്രേഡ് ചെയ്യുന്ന തസ്തികകൾ

76 [3427] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിൽ തസ്തികകൾ അപ്ഗ്രേഡ് ചെയ്യുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകൾ; വിശദാംശം അറിയിക്കുമോ;

(സി) ഈ ആവശ്യത്തിലേക്കായി ഏതെങ്കിലും സംഘടനകളോ, വ്യക്തികളോ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉദ്ദേശ്യമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്. ക്ഷീരവികസനവകുപ്പിലെ അസോസിയേഷൻ ഓഫ് ഡയറി ഓഫീസേഴ്സ് എന്ന സംഘടന, ടി വകുപ്പിലെ ക്ഷീരവികസന ആഫീസർമാരുടെ പ്രൊമോഷൻ സാദ്ധ്യത വിരളമായതിനാൽ ജില്ലകളിലെ ടെക്നിക്കൽ അസിസ്റ്റന്റ് എന്ന തസ്തിക (ക്ഷീരവികസന ആഫീസർ തസ്തികയ്ക്കു തുല്യം) അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിലേക്ക് അപ്ഗ്രേഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നിവേദനം സർക്കാരിന് ലഭിക്കുകയുണ്ടായി. നിവേദനം സർക്കാർ പരിശോധിക്കുകയും, സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുവാൻ ഒരു ശമ്പളകമ്മീഷനെ നിയമിച്ചിരിക്കുന്ന സാഹചര്യത്തിൽ, നിവേദനത്തിലെ ആവശ്യവും ശമ്പളകമ്മീഷൻ മുമ്പാകെ സമർപ്പിക്കുവാൻ ടി സംഘടനയ്ക്ക് നിർദ്ദേശം നൽകി ഫയൽ തീർപ്പാക്കിയിട്ടുണ്ട്.

പശുക്കളുടെ സെൻസസ്

77 [3428] ശ്രീ. ജോർജ് ജെ. മാത്യു:
,, പി. ടി. തോമസ്:
,, ടി. യു. രാധാകൃഷ്ണൻ:
,, എം. എ. വാഹിദ്:
,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിൽ പശുക്കളുടെ സെൻസസ് എടുത്തതെന്നാണ്;

(ബി) അതനുസരിച്ച് സംസ്ഥാനത്തൊട്ടാകെ എത്ര പശുക്കളുണ്ട്;

(സി) മുൻ സെൻസസിനെ അപേക്ഷിച്ച് ഇത് കൂടുതലാണോ കുറവാണോ എന്ന് പറയുമോ;

(ഡി) കുറവാണെങ്കിൽ അതിനുള്ള കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly